# കിൻ്റർഗാർട്ടൻ നേഴ്സറി & എൽ പി സ്കൂൾ

# നന്ദൻകോട്

# തിരുവനന്തപുരം

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# അക്കാദമിക പൊതുസ്ഥിതി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലയിൽ നിന്നു വരുന്ന കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്

2025-26 അധ്യായനവർഷത്തിലെ കുട്ടികളുടെ എണ്ണം

| STD | നേഴ്സറി | I | II | III | IV | TOTAL |
|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 22 | 4 | 7 | 10 | 10 | 53 |

2025-26 അധ്യായനവർഷത്തിലെ അധ്യാപകർ

| SL NO | നിലവിലുളള അധ്യാപകർ | തസ്തിക | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | ലോറൻസ്.ബി | H-M-incharge | PDC, TTC |
| 2. | ആറ്റ്ലിൻ ഗിൽബർട്ട് | LPSA | TTC, KTET - I |
| 3 | സുലജ ജോർജ്ജ് | LPSA | +2, TTC,KTCT -I,<br>K-TET- 2 |
| 4 | സൗമ്യസോമൻ | LPSA | BA, TTC, KTET -1 |

# ആമുഖം

തിരുവനന്തപുരം നഗരത്തിൽ നന്തൻകോട് ക്ലിഫ് ഹൗസിനു സമീപം ബെയിൻസ് കോമ്പൗണ്ടിൽ ശാലീന ശാന്തമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഒരു എയിഡഡ് പൊതുവിദ്യാലയമാണ് കിന്റർ ഗാർട്ടൻ നേഴ്സറി & എൽ. പി. സ്കൂൾ.

ഗാന്ധിജിയുടെ മനസ് തൊട്ടറിഞ്ഞ സ്കൂളാണ് കിന്റർ ഗാർട്ടൻ നേഴ്സറി & എൽ. പി. സ്കൂൾ. 1934–ൽ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. 1 മുതൽ 4 വരെ ക്ലാസുകളും എയിഡഡ് നേഴ്സറിയും ഈ വിദ്യാലയത്തിൽ ഉണ്ട്.

സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ വാർഷിക അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ യഞ്ജത്തിന്റെ സുപ്രധാന രേഖയാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ഉൾപ്പെടെ സമഗ്ര വിദ്യാഭ്യാസ ഭൗതിക, സാമൂഹ്യ പുരോഗതിയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. മേഖല, ഉപമേഖല എന്ന ക്രമത്തിലാണ് മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്.

# ഉള്ളടക്കം


- ആമുഖം
- അടിസ്ഥാന വിവരങ്ങൾ
- അക്കാദമിക പൊതുസ്ഥിതി
- ലക്ഷ്യങ്ങൾ
- ഭാഷാശേഷി വികസനം മലയാളം
- ഇംഗ്ലീഷ് പഠന പരിപോഷണം
- പരിസരപഠനം
- ഗണിത ശേഷി വികസനം
- കലാ-കായിക-ആരോഗ്യ പ്രവൃത്തിപരിചയം

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | ദി കിന്റർ ഗാർട്ടൻ നേഴ്സറി & എൽ. പി. എസ്. |
| വിലാസം | കവടിയാർ.P.O.നന്തൻകോട്,തിരുവനന്തപുരം-3 |
| ഫോൺ | 9995829069 |
| സ്കൂൾ കോഡ് | 43318 |
| വിദ്യാഭ്യാസ ഉപജില്ല | തിരുവനന്തപുരം നോർത്ത് |
| റവന്യൂ ജില്ല | തിരുവനന്തപുരം |
| BRC | തിരുവനന്തപുരം നോർത്ത് |
| Corporation | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | വട്ടിയൂർക്കാവ് |
| ലോകസഭാ മണ്ഡലം | തിരുവനന്തപുരം |
| താലൂക്ക് | തിരുവനന്തപുരം |
| വില്ലേജ് | കവടിയാർ |

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് <u>അമ്മയുമൊത്തു</u> എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ **ലാബ്** ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുക**ളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല .** |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന **ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട്** ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യ**മായ** റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ **നിർമാണ** വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

# മേഖല - അക്കാദമികം

## ഉപമേഖല - മലയാളം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | അക്ഷരങ്ങളും അടയാളങ്ങളും ഉറപ്പിക്കന്നതിന് | • പ്രീ-ടെസ്റ്റ്<br>• അക്ഷരംഉറപ്പിക്കുന്നു<br>• അടയാളം ഉറപ്പിക്കുന്നു<br>• അക്ഷര കാർഡ് നൽകുന്നു | 2 മാസം<br>3 മാസം | അധ്യാപകർ<br>അധ്യാപകർ | സ്വയം വിലയിരുത്തുന്നു | |
| 2 | വാക്കുകളും വാക്യങ്ങളും എഴുതുന്നതിന് | • വാക്കുകൾ എഴുതിയ കാർഡ് നൽകുന്നു<br>• വാക്കുകൾ നിർമ്മിക്കുന്നു<br>• വാക്യങ്ങൾ നിർമ്മിക്കുക | 5 മാസം | അധ്യാപകർ | പരസ്പരം വിലയിരുത്തുന്നു | |
| 3. | മലയാള ഭാഷ ആശയംഗ്രഹിച്ച് വായിക്കുന്നതിന് | • ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥപറയൽ<br>• ചിത്രം-കഥഎഴുതുന്നു<br>• കഥ ബാക്കി എഴുതുന്നു | ദീർഘകാലം | | ടീച്ചർ വിലയിരുത്തുന്നു | |
| 4. | ഫലപ്രദമായി ഭാഷണം ചെയ്യുന്നതിനുള്ള ശേഷി | • കഥാപുസ്തകം നൽകുന്നു<br>• പതിപ്പ് നിർമ്മിക്കുന്നു<br>• പത്ര വായന (അസംബ്ളി)<br>• ദിനാചരണം (അസംബ്ളി)<br>• സി.ഡി.യിൽ ചിത്രം നൽകി വാക്യങ്ങൾ എഴുതുന്നു<br>• അസംബ്ളി വായന (ആനുകാലിക പ്രസിദ്ധീകരണം)<br>• ക്ലാസ് വായനാമൂല | ദീർഘകാലം | | പരസ്പരം വിലയിരുത്തുന്നു | |

| | | | | | | |
|---|---|---|---|---|---|---|
| 5 | ആശയഗ്രഹണം | • ചിത്രകഥകൾ വായിച്ച് ആശയം ഗ്രഹിക്കുന്നു<br>• സംഭവങ്ങൾ, സന്ദർഭങ്ങൾ, അനുഭവങ്ങൾ എന്നിവയുടെ വിവരണങ്ങൾ കേട്ട് ആശയം ഗ്രഹിക്കുന്നു.<br>• വാകൃഘടനാ നിയമങ്ങൾ പാലിച്ച് വിവരണം തയ്യാറാക്കുന്നു<br>ലഘു കുറിപ്പുകൾ എഴുതി തയ്യാറാക്കുന്നു<br>• രചയിതാക്കളെ പരിചയപ്പെടുന്നു.<br>• അഭിമുഖ സംഭാഷണങ്ങൾ കേട്ട് നേരിട്ടോ, മാധ്യമങ്ങൾ വഴിയോ ആശയം ഗ്രഹിക്കുന്നു (റേഡിയോ, കമ്പ്യൂട്ടർ, ഐ.സി.റ്റി. സാധ്യത) | | | ടീച്ചർ വിലയിരുത്തുന്നു | |
| 6 | ലൈബ്രറി പ്രവർത്തനം | • ലൈബ്രറി രൂപീകരിക്കുന്നു<br>• സ്കൂൾ ലൈബ്രറി നവീകരിക്കുന്നു<br>• ക്ലാസ് ലൈബ്രറി രൂപീകരിക്കുന്നു<br>• പുസ്തകം ശേഖരിക്കുന്നു<br>• വായനോത്സവം സംഘടിപ്പിക്കുന്നു | ദീർഘകാലം | • എസ്.ആർ.ജി<br>• പി.റ്റി.എ. | B.R.C. വിലയിരുത്തുന്നു | |
| 7. | ഭാഷാ വ്യവഹാരങ്ങൾ ആസ്വദിക്കാനുള്ളശേഷി | • കഥകൾ കേട്ട് ആസ്വദിക്കുന്നു<br>• ചർച്ചകളിൽ ഏർപ്പെടുന്നു | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | • കഥയിലെ സന്ദർഭങ്ങൾ ചിത്രീകരിക്കുന്നു.<br>• കഥ വികസിപ്പിക്കുന്നതിനും കഥയിലെ ആശയങ്ങൾ ചുരുക്കിപ്പറയുന്നതിനും.<br>• വായനാമൂല ക്രമീകരിക്കുന്നു.<br>• കഥകൾ ശേഖരിച്ച് വായിച്ച് അവതരിപ്പിക്കുന്നു.<br>• കഥാപതിപ്പ് നിർമ്മിക്കുന്നു.<br>• കവിതകൾ കേട്ട് ആസ്വദിക്കുന്നു.<br>• ഈണം, താളം, ആശയ വ്യക്തത ഇവ പാലിച്ച് കവിതകൾ ചൊല്ലുന്നു.<br>• കവിതകളെ മറ്റ് രൂപങ്ങളിലേക്ക് മാറ്റി എഴുതുന്നു. (കഥ, സംഭാഷണം)<br>• വരികൾ ചേർത്ത് കവിത വികസിപ്പിക്കുന്നു.<br>• ബാലപ്രസിദ്ധീകരണങ്ങളിൽ നിന്ന് ആത്മകഥാ ഭാവങ്ങൾ കണ്ടെത്തുന്നു.<br>• മഹാത്മാരുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ കേൾക്കുന്നു.<br>• ബാലസാഹിത്യ കൃതികളിലെ രസകരമായ ജീവചരിത്ര ഭാഗങ്ങൾ വായിച്ച് ആസ്വദിക്കുന്നു.<br>• ഡയറി, കത്ത്.<br>•സാഹിത്യകാരന്മാരുമ്മായുള്ള സംവാദം, അഭിമുഖം.<br>• സാഹിത്യ സംസ്കാരിക സ്ഥാപനങ്ങൾ സന്ദർശിക്കുന്നു. | | | പരസ്പരം വിലയിരുത്തുന്നു. | |
| 8 | ഭംഗിയായും ശരിയായും എഴുതി പ്രകടിപ്പിക്കാനുള്ള ശേഷി. | • വിവരണങ്ങൾ തയ്യാറാക്കുന്നു.<br>• വിവരണങ്ങൾ വായിച്ച് ചോദ്യോത്തരങ്ങൾ കണ്ടെത്തുന്നു.<br>• സംഭാഷണങ്ങളിലെ ആശയങ്ങൾ എഴുതുന്നതിന്.<br>• വായനാ കുറിപ്പ്<br>• ആസ്വാദന കുറിപ്പ്<br>• ചുമർ പത്രിക | | | | |

| | | | | | | |
|---|---|---|---|---|---|---|
| 9 | സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷി. | • പതിപ്പു തയ്യാറാക്കുന്നു. (വിഷയാസ്പദമായി)<br>• ആശംസാകാർഡ് തയ്യാറാക്കുന്നു.<br>• വരികൾ കൂട്ടിച്ചേർക്കുന്നു.<br>• വർണ്ണനകൾ<br>• ആശയം ഗ്രഹിച്ച് ചിത്രരചന.<br>• കടംകഥകൾ സ്വന്തമായി നിർമ്മിക്കുന്നു.<br>• കവിത, കഥാരചനകൾ<br>• സംഭാഷണം<br>• നാടക രചന<br>• ചിത്ര രചന<br>ചൊല്ലുകൾ കണ്ടെത്തുന്നു. | | | | BRC വിലയിരുത്തുന്നു. |
| 10 | ഭിന്ന ശേഷിക്കാർക്കുള്ള പ്രത്യേക പരിഗണന | • ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ രീതിയിലുള്ള പഠനപ്രവർത്തനങ്ങൾ. (ചിത്രങ്ങൾ, സി.ഡി, വായനാസാമഗ്രികൾ) | ദീർഘകാലം | സി.ആർ.സി. കോർഡിനേറ്റർ | ടീച്ചർ | |

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|---|---|
| | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കുവാനും ഉള്ള ശേഷി വികസിപ്പിക്കുന്നതിന്. | • പ്രീ–ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• ആൽഫബറ്റിക്ക് ഓർഡറിൽ വാക്കുകൾ കണ്ടെത്തുന്നു. | 2 മാസം | അദ്ധ്യാപകർ | ടീച്ചർ | |
| | സ്വന്തമായി ഇംഗ്ലീഷ് വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നതിന്. | • പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>• Picture Reading - Flash Cards, Puzzlles.<br>• വിവരണത്തിലൂടെ words, Place, things തിരിച്ചറിയുന്നു.<br>• ലൈബ്രറിയിൽ നിന്ന് ചിത്ര കഥകളുള്ള ഇംഗ്ലീഷ് പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കുന്നു.<br>• ഇംഗ്ലീഷ് – അസംബ്ലി. | ദീർഘകാലം | ” | ടീച്ചർ | |
| | | • Conversation - C.D, I.T.C സാധ്യത. | | | പരസ്പരം | |
| | | • Spoken English | | | B.R.C | |
| | | • Dictionary കൈകാര്യം ചെയ്യാനുള്ള പ്രവർത്തനങ്ങൾ.<br>• Rhyme വായിക്കാനും (Add lines to the Poem) വരികൾ കൂട്ടി ച്ചേർക്കാനും<br>• Simple Riddles.<br>• Stories, Dialogues, Songs കേൾക്കാനും വായിക്കാനും. | ജൂലൈ മുതൽ ദീർഘകാലം വരെ. | ഇംഗ്ലീഷ് എക്സ്പേർട്ട് ടീച്ചേഴ്സ് സേവനം. | പരസ്പരം | |

| | | | | | | |
|---|---|---|---|---|---|---|
| | ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിഗണന | • Story, Poem, Describes, Pictures എഴുതാനും.<br>• News Paper Reading.<br>• ആഡിയോ, വീഡിയോ, സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ് അനുഭവങ്ങൾ നൽകുന്നു.<br>• Choreography.<br>• ഭിന്ന ശേഷിക്കാർക്ക് അനുയോജ്യമായ രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ. (ചിത്രങ്ങൾ, സി.ഡി., വായനാ സാമംഗ്രികൾ) | 6 മാസം | പൂർവ്വ വിദ്യാർത്ഥി സംഘടന അദ്ധ്യാപകർ<br>സി. ആർ. സി. കോർഡിനേറ്റർ. | ടീച്ചർ<br>BRC<br>ടീച്ചർ, BRC | സാമ്പത്തികം |

മേഖല – അക്കാദമികം

ഉപമേഖല – പരിസരപഠനം

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | വിലയി രുത്തൽ | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 1. | നിരീക്ഷണം | • ചുറ്റുപാടുകളെ നിരീക്ഷിക്കാനും അവയിലൂടെ ശാസ്ത്ര ബോധം വളർത്താനും, ആശയങ്ങൾ രൂപീകരിക്കാനും.<br>• ചുറ്റുപാടുമായും ബന്ധപ്പെട്ട കടങ്കഥകൾ (സസ്യങ്ങൾ, പൂക്കൾ, പഴങ്ങൾ, പച്ചക്കറികൾ) | ദീർഘ കാലം | അദ്ധ്യാപകർ | ടീച്ചർ | |
| 2. | വർഗ്ഗീകരണം, തരം തിരിക്കൽ | • വിവരങ്ങൾ വിശകലനം ചെയ്ത് സാമ്യവ്യത്യാസം കണ്ടെത്തി വർഗ്ഗീകരിക്കുന്നു. | ” | ” | | |
| 3. | നിഗമനം | • ചർച്ചകൾ ചെയ്തും, നിരീക്ഷിച്ചും, വിശകലനം ചെയ്തും നിഗമനത്തിലെത്തുന്നു. | | | | പരസ്പരം |
| 4. | ലഘു പരീക്ഷണങ്ങൾ | • പരീക്ഷണ ഉപകരണങ്ങൾ ശേഖരിക്കുന്നു.<br>• ശാസ്ത്രമൂല തയ്യാറാക്കുന്നു<br>• സ്കൂൾ ശാസ്ത്രലാബ് സജ്ജീകരണം.<br>• പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>• പ്രശ്നപരിഹാരത്തിനാവശ്യമായ പരീക്ഷണങ്ങളിലേർപ്പെടുന്നു.<br>• നിരീക്ഷണ പ്രോജക്ടുകളിൽ ഏർപ്പെടുന്നു. | ദീർഘ കാലം | അദ്ധ്യാപകർ PTA | AEO | |
| 5. | ശാസ്ത്ര ഗവേഷണങ്ങളും ശാസ്ത്ര ബോധവും ജനപങ്കാളിത്തത്തോടെ വർധിപ്പിക്കൽ | • ശാസ്ത്ര മ്യൂസിയ സന്ദർശനം | | PTA പൂർവ്വ വിദ്യാർത്ഥി സംഘടന | | |

മേഖല – അക്കാദമികം

ഉപമേഖല – ഗണിതം

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാല യളവ് | ചുമതല | വിലയി രുത്തൽ | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 1. | സംഖ്യാബോധം | • Pre Test<br>• ഒരു കൂട്ടത്തിൽ എത്ര യെണ്ണം എന്ന് തിരിച്ചറിയുന്നതിന്നു.<br>• വസ്തുക്കളെ എണ്ണിയെടുത്ത് സംഖ്യാരൂപവുമായി പൊരുത്തപ്പെടുത്തുന്നു.<br>• വലിപ്പമനുസരിച്ച് ക്രമീകരിക്കുന്നു.<br>• കൂട്ടങ്ങളായി വ്യാഖ്യാനിക്കുന്നു. | 2 മാസം<br>ദീർഘ കാലം<br>" | അദ്ധ്യാപകർ<br>അദ്ധ്യാപകർ<br>" | ടീച്ചർ<br>" | |
| 2. | സംഖ്യകളെ താരതമ്യം ചെയ്യൽ, സ്ഥാനം വ്യക്തമാക്കൽ. | • അബാക്കസ് നിർമ്മാണം<br>• സംഖ്യാ പോക്കറ്റ്<br>• പാമ്പും കോണിയും<br>• ഗണിത കളികളിൽ ഏർപ്പെടുന്നു. | | | | |
| 3. | സങ്കലനം | • വ്യത്യസ്ത കൂട്ടങ്ങളിലെ ആകെ എണ്ണം കണ്ടെത്തുന്നു.<br>• രണ്ടു സംഖ്യകളെ തമ്മിൽ കൂട്ടുമ്പോൾ അവയെക്കാൾ വലിയ കൂട്ടം കിട്ടുന്നു.<br>• ക്ലോക്ക് നിർമ്മാണം<br>• സങ്കലന കാർഡുകൾ നൽകുന്നു.<br>• മാന്ത്രിക ചതുരം. | ദീർഘ കാലം | അദ്ധ്യാപകർ | പര സ്പരം | |
| 4. | വ്യവകലനം | • സംഖ്യാകാർഡുകൾ<br>• വിപണവുമായി ബന്ധപ്പെട്ട ഗണിതക്രിയകൾ<br>• സംഖ്യാചക്രം<br>• കളിനോട്ടുകൾ, നാണയങ്ങൾ | " | " | | |
| 5. | ഗുണനം | • സംഖ്യാകാർഡുകൾ<br>• പാമ്പും കോണിയും<br>• ക്ലോക്ക് | " | PTA | പര സ്പരം | |

| | | | | | |
|---|---|---|---|---|---|
| | | • കട പ്രവർത്തനങ്ങൾ<br>• ഗണിത മൂല<br>• ജിഗ് സോപസിൽ<br>• ഗുണനപ്പട്ടിക ഹൃദിസ്ഥമാക്കുന്നതിനുള്ള എളുപ്പവഴികൾ<br>• വരിയും നിരയും<br>• ബാങ്കിംഗ് | | | |
| 6 | പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് (സങ്കലനം, വ്യവകലനം, ഗുണനം) | • വസ്തുക്കളുടെ ക്രയവിക്രയങ്ങൾ<br>• പാറ്റേൺ രൂപീകരണം<br>• ഗണിത മൂല<br>• സംഖ്യകളെ വ്യത്യസ്ത രീതിയിൽ കൂട്ടങ്ങളാക്കുന്നു.<br>• കളങ്ങളുടെ പ്രത്യേകത കണ്ടെത്തുന്നു. | | | ടീച്ചർ |
| 7 | ഹരണം | • വിവിധ പ്രവർത്തനങ്ങൾ<br>• നാടൻ കളികൾ<br>• പ്രായോഗിക ഗണിത സന്ദർഭങ്ങൾ | | | |
| 8 | നീളവും, ഭാരവും അളവുകളും | • ഗണിത മൂല<br>• കളി ത്രാസ്<br>• സ്കെയിൽ നിർമ്മാണം<br>• ഗണിത ക്ലബ്<br>• കലണ്ടർ രൂപീകരണം<br>• വെയിംഗ് മെഷീൻ | | | |
| 9 | ജ്യാമിതീയ രൂപങ്ങൾ (വൃത്തം, ചതുരം, ത്രികോണം) | • ഗണിത മൂല<br>• വിവിധതരം ചിത്രങ്ങൾ<br>• രൂപങ്ങൾ<br>• പാറ്റേൺ നിർമ്മിക്കുന്നു<br>• ഗണിത ലാബ്<br>• ഗണിത ലൈബ്രറി | | അധ്യാപകർ | പരസ്പരം ടീച്ചർ<br>BRC |
| 10 | ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിഗണന | • ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ.<br>(ചിത്രങ്ങൾ, സി.ഡി., ജ്യാമിതീയ രൂപങ്ങൾ) | | സി.ആർ.സി. കോർഡിനേറ്റർ | ടീച്ചർ |

കലാകായിക ആരോഗ്യ പ്രവൃത്തി പരിചയം.

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കുട്ടികളിൽ കലാ അഭിരുചി വളർത്തുന്നതിന് | • അനുയോജ്യമായ നിറം, അനുപാതം എന്നിവ പരിഗണിച്ച് പ്രകൃതി ദൃശ്യങ്ങൾ വരയ്ക്കുന്നു.<br>• ചിത്രരചന കളരി<br>• കവിതകൾ, കുട്ടിപ്പാട്ടുകൾ എന്നിവ താളത്തോട് ചൊല്ലുന്നു.<br>• താളം, ഈണം എന്നിവ പാലിച്ച് ഒറ്റയ്ക്കും സംഘമായും കവിതകൾ ചൊല്ലുന്നു.<br>• കവികളുമായി അഭിമുഖം<br>• നാടൻ പാട്ടുകൾ ശേഖരിക്കുന്നു.<br>• താളാത്മകമായി ചൊല്ലുന്നു. | | | PTA | 500 |
| 2. | കുട്ടികളിൽ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തൽ | • വിവിധ കളികളിൽ ഏർപ്പെടുന്നു.<br>• വ്യായാമം ചെയ്യുന്നു.<br>• യോഗ പരിശീലനം | ദീർഘകാലം ആഴ്ചയിൽ 2 ദിവസം | | | |
| 3 | നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്. | • ഓല, ഈർക്കിൽ,മച്ചിങ്ങ, ഇല, മണ്ണ്, മൈദ തുടങ്ങിയവ ഉപയോഗിച്ച് കൗതുക വസ്തുക്കൾ, കളിപ്പാട്ടങ്ങൾ, രൂപങ്ങൾ എന്നിവ നിർമ്മിക്കുന്നു.<br>• ത്രിമാന രൂപത്തിൽ വിവിധതരം വീടുകളുടെ മാതൃകകൾ നിർമ്മിക്കുന്നു.<br>• അടിസ്ഥാന രൂപങ്ങൾ ഉപയോഗിച്ച് (ത്രികോണം,വൃത്തം, ചതുരം) പരിചിത വസ്തുക്കളുടെ രൂപങ്ങൾ നിർമ്മിക്കുന്നു. | | | | |